**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 4143**
**12.11.2019-ന് മറുപടി നൽകേണ്ടത്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ വായ്പ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വകാര്യ കമ്പനി**

| | ചോദ്യം | മറുപടി |
|---|---|---|
| 4143 | **ശ്രീ. ഷാഫി പറമ്പിൽ** | **ഡോ.റ്റി.എം.തോമസ് ഐസക്, ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| എ. | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിലവിലുള്ള റവന്യൂ വകുപ്പിനെ ഒഴിവാക്കി സ്വകാര്യ കമ്പനിയെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഇല്ല. |
| ബി | ഉണ്ടെങ്കിൽ വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ വകുപ്പിനെ ഒഴിവാക്കേണ്ടിവന്ന സാഹചര്യവും ആയതിന് ചുമതലപ്പെടുത്തിയ പുതിയ സ്വകാര്യ കമ്പനിയുടെ വിശദാംശങ്ങളും അറിയിക്കാമോ? | 2014 മുതൽ 2018 വരെയുള്ള കാലയളവിൽ ആകെ 34.84 ലക്ഷം രൂപയാണ് റവന്യൂ റിക്കവറി വിൽപ്പന വഴി കെ.എഫ്.സി.ക്ക് ലഭിച്ചത്.<br><br>ഈ കാലയളവിൽ റവന്യൂ ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് ചിലവുകൾക്കുമായി 540 ലക്ഷം രൂപയാണ് കെ.എഫ്.സി.യോട് റവന്യൂ വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇത്ര വലിയ ഒരു ചിലവിൽ ആർ.ആർ ഉദ്യോഗസ്ഥരെ നിലനിർത്തുന്നത് കെ.എഫ്.സിയുടെ സാമ്പത്തിക ബാധ്യത കൂട്ടുന്നതിനാലാണ് കെ.എഫ്.സി.യിൽ പ്രത്യേക മായി റവന്യൂ സ്റ്റാഫിന്റെ സേവനം വേണ്ടെന്ന് കെ.എഫ്.സിയുടെ ബോർഡ് തീരുമാനിച്ചത്. റവന്യൂ റിക്കവറി ജീവനക്കാരെ പുനർ വിന്യസിപ്പിക്കുന്നതിനും ഓഫീസുകളിലെ ഫയലുകൾ റവന്യൂ വകുപ്പ് ഏറ്റെടുക്കുന്ന തിനും മറ്റു നടപടികൾ പൂർത്തിയാക്കുന്നതിനും വേണ്ടി 31.01.2020 വരെ സാവകാശം നൽകിയിട്ടുണ്ട്. കെ.എഫ്.സിയുടെ റിക്കവറി നടപടികൾക്ക് സ്വകാര്യ കമ്പനികളെ ചുമതലപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**